**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2791** **13-12-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികളുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര കശുവണ്ടി ഫാക്ടറികളുണ്ടെന്നും ഇതിൽ സർക്കാർ മേഖലയിലും സ്വകാര്യം മേഖലയിലും എത്ര വീതമുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ; നിലവിൽ ഇതിൽ എത്ര ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിൽ 868 കശുവണ്ടി ഫാക്ടറികൾ ഉണ്ട്. ഇതിൽ സർക്കാർ മേഖലയിൽ 40 ഫാക്ടറികളും സ്വകാര്യ മേഖലയിൽ 828 ഫാക്ടറികളും ഉണ്ട്. നിലവിൽ സർക്കാർ മേഖലയിലെ 40 ഫാക്ടറികളും സ്വകാര്യ മേഖലയിലെ 305 ഫാക്ടറികളും തുറന്നു പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | കശുവണ്ടി വ്യവസായം തകർന്നത് കാരണം സംസ്ഥാനത്ത് 2016 മെയ് മുതൽ നാളിതുവരെ എത്ര വ്യവസായികൾ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കാമോ? | (ബി) | കശുവണ്ടി വ്യവസായം തകർന്നത് കാരണം സംസ്ഥാനത്ത് വ്യവസായികൾ ആത്മഹത്യ ചെയ്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ